<u>പത്രക്കുറിപ്പ്</u>

## പട്ടികജാതി സഹകരണ സംഘങ്ങൾ വഴി സംരംഭക വായ്പ നൽകുന്നു.

കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ വികസന സഹകരണ ഫെഡറേഷനിൽ അഫിലിയേഷൻ ലഭിച്ചിട്ടുള്ള പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ഉല്പാദന സേവന മേഖലകളിൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഉള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ധനസഹായം നൽകുന്നു.

കൃഷി, പ്രാദേശിക ചെറുകിട മാലിന്യ നിർമാർജ്ജന യൂണിറ്റ്കൾ, ആയുർവേദ കേന്ദ്രങ്ങൾ, നടൻ ഭക്ഷണ ശാലകൾ, കരകൗശല ഗാർഹിക ഉത്പന്നങ്ങൾ, ഭക്ഷ്യ ഉത്പന്നങ്ങൾ ടൂറിസം അധിഷ്ടിത സേവനങ്ങൾ, വനിതാ ഓട്ടോ റിക്ഷ സർവീസ്, വസ്ത്ര നിർമാണ / അലക്ക് യൂണിറ്റുകൾ എന്നീ മേഖലകളിൽ വനിതകളുടെ സംരംഭങ്ങൾ, യുവതി യുവാക്കളുടെ മറ്റു സ്റ്റാർട്ടപ്പുകൾ എന്നിവക്ക് മുൻഗണന ലഭിക്കും.

പട്ടികജാതി സഹകരണ സംഘങ്ങൾ നേരിട്ടോ, അംഗത്വമുള്ള വനിതകൾ, യുവാക്കൾ എന്നിവരുടെ സ്വാശ്രയ ഗ്രൂപ്പുകൾ വഴിയോ ഉല്പാദന സേവന പദ്ധതികൾ ഏറ്റെടുക്കുന്നതിന്, പരമാവധി 4 വർഷത്തെ കലാലയളവിൽ 8% പലിശ നിരക്കിൽ ഗുണഭോക്താക്കൾക്ക് വായ്പ ലഭിക്കുന്നതാണ്. നിലവിൽ ലാഭകരം ആയുള്ള യൂണിറ്റുകൾക്ക് ധനസഹായത്തിനും അപേക്ഷിക്കാവുന്നതാണ്.

താല്പര്യമുള്ളവർ വിശദമായ പദ്ധതി നിർദ്ദേശം സഹിതം, അവരവർക്ക് അംഗത്വമുള്ള പ്രാഥമിക സഹകരണ സംഘങ്ങളും ആയി ബന്ധപ്പെടേണ്ടതാണ്. ഒരു പ്രാഥമിക സഹകരണ സംഘം ശുപാർശ ചെയ്തു സമർപ്പിക്കുന്ന വിവിധ പദ്ധതി നിർദ്ദേശങ്ങൾക്കായി പരമാവധി 5 ലക്ഷം (അഞ്ചു ലക്ഷം) രൂപ വരെ അനുവദിക്കുന്നതാണ്.

പട്ടിക ജാതി സംഘങ്ങൾ വായ്പ അപേക്ഷ തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയോടുകൂടി 15-09-2020 തീയതിക്ക് മുമ്പായി ഫെഡെറേഷൻ ആഫിസിൽ സമർപ്പിക്കേണ്ടതാണ്

വായ്പ അപേക്ഷ ഫാറം, അനുബന്ധ രേഖകളുടെ മാതൃക, വായ്പ നിബന്ധനകൾ എന്നിവ ഫെഡറേഷൻ വെബ് സൈറ്റിൽ (**www.sctfed.com**) നിന്നോ, തിരുവനന്തപുരം പേരൂർക്കടയിലുള്ള ഫെഡറേഷൻ ആഫീസിൽ നിന്ന് നേരിട്ടോ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471-2433850, 2433163, 9496994263 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിങ് ഡയറക്ടർ